LIBRARY ARCHIVES Kerala Legislative Assembly

കതിരൂർ ബോംബ് സ്ഫോടനം

168 (173) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ജനുവരി 18-ന് ഉണ്ടായ ബോംബ് സ്ഫോടനത്തിൽ എന്തൊക്കെ നാശനഷ്ടങ്ങളുണ്ടായി എന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ബോംബുകൾ നിർമ്മിച്ച പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസെടുത്തതെന്ന് വെളിപ്പെടുത്തുമോ ;

(സി) അങ്കണവാടിക്കുസമീപം ജീവഹാനി ഉണ്ടാക്കാവുന്നവിധം സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്ത സംഭവം ഗൗരവപൂർവം വീക്ഷിക്കുകയും, ദേശവിരുദ്ധ പ്രവർത്തനമെന്ന രീതിയിൽ കൈകാര്യം ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്യുമോ?

ഉത്തരം

(എ&ബി) ബോംബ് സ്ഫോടനത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ ഒരാൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കതിരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 75/2015 u/s 3&5 of Explosive Substance Act പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സംഭവം ഗൗരവമായി എടുത്തിട്ടുണ്ട്. എന്നാൽ സംഭവത്തിൽ ദേശവിരുദ്ധ പ്രവർത്തനമുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല

നാദാപുരം ഷിബിൻ വധം

169 (174) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്തിനടുത്ത് തൂണേരിയിൽ സി.പി.ഐ. (എം) പ്രവർത്തകനായ ചടയങ്കണ്ടിത്താഴ ഷിബിനെ വധിച്ച സംഭവത്തെത്തുടർന്ന് വർഗീയ സാമുദായിക നിറം കലർത്തുന്ന പ്രചാരണങ്ങൾ നടത്തിയവരെക്കുറിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സി.പി.ഐ. (എം) ഉത്തര മേഖല എ.ഡി.ജി.പി.-യ്ക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) നവ മാധ്യമങ്ങളിലൂടെ നടത്തപ്പെട്ട അപവാദപ്രചരണങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; അന്വേഷണത്തെത്തുടർന്ന് എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ; വ്യക്തമാക്കുമോ ;

(ഡി) ഫേസ് ബുക്ക്, വാട്സ് അപ്പ് തുടങ്ങിയവ വഴി തെറ്റായ പ്രചരണങ്ങൾ നടത്തിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇത്തരം സംഭവങ്ങളെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 172/2015 u/s 153/(A) IPC and 66(a), 7 IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഉണ്ട്. ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഫേസ് ബുക്ക്, വാട്സ് അപ്പ് തുടങ്ങിയ നവമാധ്യമങ്ങൾവഴി തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നാദാപുരം പോലീസ് സ്റ്റേഷനിൽ 7 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

നാദാപുരം പീഡനകേസ്

170 (175) ശ്രീമതി കെ. കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം പാറക്കടവിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവത്തിൽ കുറ്റാരോപിതർ ആരൊക്കെയാണെന്നും അവർക്കെതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) കുറ്റാരോപിതർ 2 പേർ. (1) ഷംസുദ്ദീൻ S/o സിറാജ്, ബഹറാൻ ക്വാർട്ടേഴ്സ്, പുന്നോൽ, കുറിച്ചിയിൽ (2) മുബഷീർ, S/o മുത്തലിബ്, കുണ്ടാംചെറിന്റവിട, കക്കാട്ടുവയൽ, ചെറുപറമ്പ്, IPC 376 ഉം POCSO Act 2012 Sec.4, 5 (m), 6 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഷിബിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം

171 (176) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ തൂണേരി ചടയൻകണ്ടിത്താഴ ഷിബിൻ എന്നയാളെ കൊലപ്പെടുത്തിയ കേസിൽ മുസ്ലീം ലീഗ് പ്രവർത്തകരായ ക്രിമിനലുകളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly